# 052/2024-M

Maximum : 100 marks

Time : 1 hour and 30 minutes

**1.** താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായത് രേഖപ്പെടുത്തുക :

| | | | |
|---|---|---|---|
| (i) | ശ്രീനാരായണഗുരു | _ | ആത്മോപദേശശതകം |
| (ii) | ചട്ടമ്പി സ്വാമികൾ | _ | വേദാധികാര നിരൂപണം |
| (iii) | വൈകുണ്ഠ സ്വാമികൾ | _ | പ്രാചീന മലയാളം |
| (iv) | വാഗ്ഭടാനന്ദൻ | _ | അഭിനവ കേരളം |

(A) (i), (ii) & (iii) എന്നിവ മാത്രം ശരിയാണ്

(B) (i), (iii) & (iv) എന്നിവ മാത്രം ശരിയാണ്

(C) (i), (ii) & (iv) എന്നിവ മാത്രം ശരിയാണ്

(D) എല്ലാം ശരിയാണ്

**2.** ഒന്നാം സ്വാതന്ത്ര്യ സമര കേന്ദ്രങ്ങളെയും നേതൃത്വം നൽകിയവരെയും ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (i) | കാൺപൂർ | (1) | കൻവർസിംഗ് |
| (ii) | ബീഹാർ | (2) | റാണി ലക്ഷ്മിഭായ് |
| (iii) | ഡൽഹി | (3) | നാനാ സാഹിബ് |
| (iv) | ഝാൻസി | (4) | ബഹദൂർ ഷാ രണ്ടാമൻ |

(A) (i)-(2), (ii)-(3), (iii)-(1), (iv)-(4)

(B) (i)-(3), (ii)-(1), (iii)-(4), (iv)-(2)

(C) (i)-(4), (ii)-(2), (iii)-(1), (iv)-(3)

(D) (i)-(2), (ii)-(1), (iii)-(4), (iv)-(3)

**3.** താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ഏത് സംഭവവുമായി ബന്ധപ്പെട്ടതാണ്?

(i) ജവഹർലാൽ നെഹ്റു കോൺഗ്രസ്സ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു

(ii) "പൂർണ്ണ സ്വരാജ്" പ്രമേയം പാസ്സാക്കി

(iii) 1930 ജനുവരി 26 സ്വാതന്ത്ര്യദിനമായി കൊണ്ടാടാൻ തീരുമാനിച്ചു

(A) കറാച്ചി സമ്മേളനം

(B) കൽക്കത്താ സമ്മേളനം

(C) ലാഹോർ സമ്മേളനം

(D) നാഗ്പൂർ സമ്മേളനം

4. ചൈനയെ ആധുനീകരിക്കാൻ സൻയാത് സെൻ മുന്നോട്ട് വെച്ച ആശയങ്ങൾ രേഖപ്പെടുത്തുക :

(i) മഞ്ചു രാജവംശത്തേയും സാമ്രാജ്യശക്തികളെയും പുറത്താക്കുക

(ii) ജനാധിപത്യഭരണം സ്ഥാപിക്കുക

(iii) മൂലധനം നിയന്ത്രിക്കുകയും ഭൂമി വിതരണം നടത്തുകയും ചെയ്യുക

(A) (i) & (ii) എന്നിവ മാത്രം ശരിയാണ്

(B) (ii) & (iii) എന്നിവ മാത്രം ശരിയാണ്

(C) (i) & (iii) എന്നിവ മാത്രം ശരിയാണ്

(D) എല്ലാം ശരിയാണ്

5. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങൾ കാലഗണനാക്രമത്തിൽ രേഖപ്പെടുത്തുക :

(i) അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം

(ii) ബോസ്റ്റൺ ടീ പാർട്ടി

(iii) പാരീസ് ഉടമ്പടി

(iv) ഒന്നാം കോണ്ടിനന്റൽ കോൺഗ്രസ്സ്

(A) (i), (ii), (iv) & (iii)

(B) (iii), (ii), (iv) & (i)

(C) (ii), (iv), (i) & (iii)

(D) (iv), (iii), (ii) & (i)

6. ഏത് സംസ്ഥാനത്തിലാണ് ഇന്ത്യയിലെ ആദ്യത്തെ ലിക്വിഡ് മിറർ ടെലിസ്കോപ്പ് സ്ഥാപിച്ചിട്ടുള്ളത്?

(A) ഝാർഖണ്ഡ്

(B) ഉത്തരാഖണ്ഡ്

(C) മേഘാലയ

(D) നാഗാലാന്റ്

7. താഴെ കൊടുത്തിരിക്കുന്നവയിൽ ഭൂമിയിലെ കാലാവസ്ഥയെ സ്ഥാധീനിക്കുന്ന പ്രധാന വാതകമേത്?

(A) കാർബൺ ഡൈ ഓക്സൈഡ്

(B) ഹൈഡ്രജൻ

(C) ഓക്സിജൻ

(D) ഇവയേതുമല്ല

8. ഇന്ത്യയിലെ ശൈത്യകാലത്ത് മഴ ലഭിക്കുന്നതിന് കാരണമായ പ്രതിഭാസം :

(A) എൽനിനോ

(B) പശ്ചിമ അസ്വസ്ഥത

(C) കാൽബൈശാഖി

(D) ഇവയേതുമല്ല

9. ഇന്ത്യയിലെ പെട്രോളിയം ഉൽപ്പാദനത്തെ സംബന്ധിച്ചു ശരിയായ പ്രസ്താവന ഏത്?
   (A) ഏറ്റവും വലിയ എണ്ണപ്പാടം ജാരിയ ആണ്
   (B) ഏറ്റവും വലിയ എണ്ണപ്പാടം സുന്ദർഗഡ് ആണ്
   (C) ഏറ്റവും വലിയ എണ്ണപ്പാടം മുംബൈ ഹൈ ആണ്
   (D) (B) യും (C) യും ശരിയാണ്

10. കേരളത്തിലൂടെ കടന്നുപോകുന്ന ദേശീയ ജലപാത ഏതെന്ന് തിരിച്ചറിയുക?
   (A) ദേശീയ ജലപാത 1
   (B) ദേശീയ ജലപാത 2
   (C) ദേശീയ ജലപാത 3
   (D) ഇവയേതുമല്ല

11. താഴെ കൊടുത്തിരിക്കുന്നവയിൽ കണ്ടൽവനങ്ങൾ കാണപ്പെടാത്ത ജില്ലകൾ ഏത്?
   (A) പാലക്കാട്, ഇടുക്കി
   (B) കണ്ണൂർ, കൊല്ലം
   (C) എറണാകുളം, കോഴിക്കോട്
   (D) മേൽപ്പറഞ്ഞവയെല്ലാം ശരി

12. 2024 ലെ വേൾഡ് ഹാപ്പിനെസ്സ് റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും കൂടുതൽ സന്തോഷമുള്ള രാജ്യം :
   (A) ഇന്ത്യ
   (B) ഡെൻമാർക്ക്
   (C) ഫിൻലാൻഡ്
   (D) ഇവയേതുമല്ല

13. ആഭ്യന്തര സമ്പദ്ഘടനയെ ലോക സമ്പദ്ഘടനയും ആയി സംയോജിപ്പിക്കുന്നതിനെ ________ എന്നു പറയുന്നു.
   (i) സ്വകാര്യവൽക്കണം
   (ii) ആഗോളവൽക്കരണം
   (iii) ഉദാരവൽക്കരണം

   (A) (i) മാത്രം
   (B) (ii) മാത്രം
   (C) (ii) ഉം (iii) ഉം
   (D) ഇവയൊന്നുമല്ല

14. രണ്ടാം പഞ്ചവത്സര പദ്ധതി ആരുടെ ആശയത്തെ അടിസ്ഥാനമാക്കിയതാണ്?
   (A) ജവഹർലാൽ നെഹ്റു
   (B) പി.സി മഹലനോബിസ്
   (C) മുഖർജി
   (D) ജോൺ മത്തായി

15. 2015 ജനുവരി 1 ന് നിലവിൽ വന്ന നീതി ആയോഗിന്റെ ആസ്ഥാനം എവിടെ സ്ഥിതി ചെയ്യുന്നു?
   (A) കേരളം
   (B) കർണ്ണാടക
   (C) തമിഴ്നാട്
   (D) ന്യൂഡൽഹി

16. മിനറൽ ഓയിൽ, ക്രൂഡ് ഓയിൽ എന്നീ പേരുകളിൽ അറിയപ്പെടുന്നത് :
   (A) മൈക്ക (B) പെട്രോളിയം
   (C) ഗ്രാനൈറ്റ് (D) ഡോളോമൈറ്റ്

17. സ്റ്റോക്ക് മാർക്കറ്റിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയും ചെയ്യുന്ന സ്വയംഭരണ സ്ഥാപനം ഏത്?
   (A) സെബി (SEBI) (B) നബാർഡ് (NABARD)
   (C) ഐ.എം.എഫ്. (IMF) (D) വേൾഡ് ബാങ്ക്

18. ഇന്ത്യയിൽ ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന സ്റ്റാർസ് പ്രൊജക്ട് ഏത് മേഖലയുമായി ബന്ധപ്പെട്ടതാണ്?
   (A) കോളേജ് വിദ്യാഭ്യാസം (B) മെഡിക്കൽ വിദ്യാഭ്യാസം
   (C) സ്കൂൾ വിദ്യാഭ്യാസം (D) ഇവയൊന്നുമല്ല

19. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് ______ ന്റെ ലക്ഷ്യം.
   (A) പഞ്ചവത്സര പദ്ധതി
   (B) ലൈഫ് മിഷൻ പദ്ധതി
   (C) നീതി ആയോഗ്
   (D) അന്ത്യോദയ അന്നയോജന പദ്ധതി

20. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ഘടനയെക്കുറിച്ചുള്ള സിദ്ധാന്തം ജുഡീഷ്യറി മുന്നോട്ട് വച്ചത് ഏത് കേസ്സിലാണ്?
   (A) ഗോലക് നാഥ് കേസ്സ് (B) മിനർവ മിൽ കേസ്സ്
   (C) കേശവാനന്ദ ഭാരതി കേസ്സ് (D) ബിരുബാറി കേസ്സ്

21. ഇന്ത്യയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അംഗീകാരം ശുപാർശ ചെയ്ത കമ്മിറ്റി :
   (A) അശോക് മേത്താ കമ്മറ്റി (B) പി.കെ. തുംഗൻ കമ്മറ്റി
   (C) ബൽവന്തറായി കമ്മറ്റി (D) മോത്തിലാൽ നെഹ്റു കമ്മറ്റി

22. ഇന്ത്യയിൽ ആരാണ് നിയോജകമണ്ഡലങ്ങളിൽ സംവരണമണ്ഡലങ്ങൾ തീരുമാനിയ്ക്കുന്നതെന്ന് കണ്ടെത്തുക?
   (A) തിരഞ്ഞെടുപ്പ് കമ്മീഷൻ
   (B) ഇന്ത്യൻ പാർലമെന്റ്
   (C) അതിർത്തി നിർണ്ണയ കമ്മീഷൻ
   (D) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

23. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് ഫെഡറൽ വ്യവസ്ഥയിൽ വിവാദമായ പദവി?

(A) രാഷ്ട്രപതി (B) പ്രധാനമന്ത്രി

(C) മുഖ്യമന്ത്രി (D) ഗവർണ്ണർ

24. ഇന്ത്യയിൽ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ദ്വിമണ്ഡല നിയമ നിർമ്മാണസഭ നിലവിലുള്ളത്?

(A) ബീഹാർ, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്

(B) കർണ്ണാടകം, ബീഹാർ, പശ്ചിമബംഗാൾ

(C) മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, കർണ്ണാടകം

(D) മഹാരാഷ്ട്ര, കർണ്ണാടകം, ബീഹാർ

25. തോമസ് ഹെയർ എന്ന ബ്രിട്ടീഷുകാരനാണ് "ഏക കൈമാറ്റ വോട്ടു വ്യവസ്ഥ" (ഹെയർ വ്യവസ്ഥ) യുടെ ഉപജ്ഞാതാവ്. ഏത് കൃതിയിൽ ആണ് അദ്ദേഹം ഈ വ്യവസ്ഥ അവതരിപ്പിച്ചത്?

(A) ദി ഇലക്ഷൻ ഓഫ് റെപ്രസന്റേറ്റീവ്സ്

(B) മെഷിനറി ഓഫ് റെപ്രസന്റേഷൻ

(C) ഓൺ റെപ്രെസെന്റേറ്റീവ് ഗവണ്മെന്റ് പേഴ്സണൽ പ്രൊസഷൻ

(D) ട്രീറ്റി ഓൺ ദി ഇലക്ഷൻ ഓഫ് റെപ്രസന്റേറ്റീവ്

26. "നാരി ശക്തി വന്ദൻ അധിനീയം" ബില്ലിൽ രാഷ്ട്രപതി ഒപ്പുവെച്ചത്?

(A) 2023 Sept. 20 (B) 2023 Sept. 21

(C) 2023 Sept. 27 (D) 2023 Sept. 28

27. ഇന്ത്യയിലെ ഏത് സൈനിക വിഭാഗത്തിനാണ് പുതിയ പാർലമെന്റ് മന്ദിരത്തിന്റെ നിലവിലുള്ള സുരക്ഷാ ചുമതല?

(A) ഡൽഹി പോലീസ് (Delhi Police) (B) സി.ഐ.എസ്.എഫ്. (C.I.S.F.)

(C) സി.ആർ.പി.എഫ്. (C.R.P.F.) (D) എൻ.എസ്.ജി. (N.S.G.)

28. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത മുതിർന്ന പൌരന്മാർക്കുള്ള സ്വയം തൊഴിൽ പദ്ധതി :

(A) ശരണ്യ പദ്ധതി (B) സ്വാന്തനം

(C) നവജീവൻ (D) ആശ്വാസ നിധി

29. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ദിവസവേതനം എത്ര രൂപയാണ് വർദ്ധിപ്പിച്ചത്?

(A) 22 രൂപ (B) 24 രൂപ

(C) 21 രൂപ (D) 23 രൂപ

30. താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്ഥാനവുമായി ശ്രീ. കുമാരഗുരുദേവൻ ബന്ധപ്പെട്ടിരിക്കുന്നു?

(A) സമത്വ സമാജം
(B) ആത്മവിദ്യാസംഘം
(C) അരയ സമാജം
(D) പ്രത്യക്ഷ രക്ഷാ ദൈവസഭ

31. "ഗാന്ധിജിയും അരാജകത്വവും" (Gandhi & Anarchy) എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആര്?

(A) കെ. കേളപ്പൻ
(B) ചേറ്റൂർ ശങ്കരൻ നായർ
(C) പണ്ഡിറ്റ് കെ.പി. കറുപ്പൻ
(D) വൈകുണ്ഠ സ്വാമികൾ

32. 2024 ലെ തണ്ണീർത്തട ദിനത്തിന്റെ പ്രമേയം കണ്ടെത്തുക :

(A) തണ്ണീർത്തടവും ജൈവ വൈവിധ്യവും
(B) തണ്ണീർത്തടവും വെള്ളവും
(C) തണ്ണീർത്തടവും മനുഷ്യ ക്ഷേമവും
(D) തണ്ണീർത്തടവും കാലാവസ്ഥാ വ്യതിയാനവും

33. ഗ്രാമ പഞ്ചായത്തുകൾക്ക് ടാക്സുകൾ ഏർപ്പെടുത്താനും പിരിച്ചെടുക്കാനും അധികാരം നൽകുന്നത് ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദ പ്രകാരമാണ്?

(A) അനുച്ഛേദം - 243 (H)
(B) അനുച്ഛേദം – 243 (E)
(C) അനുച്ഛേദം – 243 (B)
(D) അനുച്ഛേദം - 243 (A)

34. പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതി ഏത്?

(A) ആർദ്രം
(B) ആരോഗ്യകിരണം
(C) സമഗ്ര
(D) മൃതസഞ്ജീവനി

35. പെരിയാർ കടുവ സങ്കേതം വ്യാപിച്ചു കിടക്കുന്നത് ഏതൊക്കെ ജില്ലകളിലായിട്ടാണ്?

(A) കോഴിക്കോട്, വയനാട്
(B) വയനാട്, പാലക്കാട്
(C) ഇടുക്കി, പത്തനംതിട്ട
(D) കൊല്ലം, പത്തനംതിട്ട

36. രോഗത്തിന്റെ പേരും അതിന്റെ കാരണവും താഴെ തന്നിരിക്കുന്നതിൽ ശരിയായവ ഏതൊക്കെ?

| | രോഗം | | കാരണം |
|---|---|---|---|
| (i) | നിശാന്ധത | - | വൈറ്റമിൻ A യുടെ കുറവുകൊണ്ട് റൊഡോപ്സിന്റെ പുനർ നിർമ്മാണം തടസ്സപ്പെടുന്നു |
| (ii) | സിറോഫ്താൽമിയ | - | അക്വസ് ദ്രവത്തിന്റെ പുനരാഗിരണം നടക്കാത്തതിനാൽ കണ്ണിനുള്ളിൽ മർദ്ദം കൂടുന്നു |
| (iii) | ഗ്ലോക്കോമ | - | വിറ്റാമിൻ A യുടെ തുടർച്ചയായ അഭാവം കൊണ്ട് നേത്രാവരണവും കോർണിയയും വരണ്ട് കോർണിയ അതാര്യമായി തീരുന്നു |

(A) (i), (ii), (iii) ഇവ മൂന്നും ശരിയാണ്
(B) (i), (ii) ഇവ രണ്ടും ശരിയാണ്
(C) (i) മാത്രം ശരിയാണ്
(D) (i), (iii) ഇവ രണ്ടും ശരിയാണ്

37. മനുഷ്യരക്തത്തിലെ ഹീമോഗ്ലോബിനിൽ കാണുന്ന ലോഹമാണ് :
(A) മഗ്നീഷ്യം
(B) കാൽഷ്യം
(C) ഫോസ്ഫറസ്
(D) ഇരുമ്പ്

38. എലിപ്പനിയ്ക്ക് കാരണമായ സൂക്ഷ്മജീവി ഏത്?
(A) ലെപ്റ്റോസ്പൈറ
(B) കോറിനി ബാക്ടീരിയ
(C) യെർസിനിയ പെസ്റ്റിസ്
(D) ട്രിപൊണീമ പാലിഡം

39. ലോകാരോഗ്യ ദിനം – 2024 ന്റെ പ്രമേയം (theme) ഏതാണ്?
(A) "സാമൂഹിക ആരോഗ്യമാണ് എന്റെ ആരോഗ്യം"
(B) "എന്റെ ആരോഗ്യം എന്റെ അവകാശം"
(C) "എല്ലാവർക്കും ആരോഗ്യം"
(D) "വ്യക്തിശുചിത്വം പ്രധാനം"

40. താഴെ കൊടുത്തിരിക്കുന്നവയിൽ ജീവിതശൈലീ രോഗങ്ങൾ ഏവ?

(i) എംഫിസീമ

(ii) ഫാറ്റി ലിവർ

(iii) ഹീമോഫിലിയ

(iv) സിക്കിൾ സെൽ അനീമിയ

(A) (i), (ii)
(B) (ii), (iii)
(C) (i), (iii), (iv)
(D) (ii), (iv)

41. വായു മലിനീകരണം നിയന്ത്രിക്കുന്നതിനായി 2020 – ഏപ്രിൽ മുതൽ ഇന്ത്യയിൽ നടപ്പിലാക്കിയ എമിഷൻ സ്റ്റാൻഡേർഡ് ഏതാണ്?

(A) BS iii
(B) BS iv
(C) BS v
(D) BS vi

42. താപനില കൂടുമ്പോൾ ഒരു ദ്രാവകത്തിന്റെ വിസ്കോസിറ്റി :

(A) കൂടുന്നു
(B) കുറയുന്നു
(C) വ്യത്യാസപ്പെടുന്നില്ല
(D) ആദ്യം കൂടുകയും പിന്നീട് കുറയുകയും ചെയ്യുന്നു

43. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായത് ഏത്?

(A) $W = \frac{F}{S}$
(B) $W = \frac{S}{F}$
(C) $W = P \times t$
(D) $W = \frac{P}{t}$

[Hint : $W$ – പ്രവർത്തി, $F$ – ബലം, $P$ – പവർ, $t$ – സമയം]

44. ഡിജിഡോഗ് (Digidog) എന്ന റോബോർട്ടിക് പട്ടിയെ അവതരിപ്പിച്ചത് ഏത് രാജ്യം ആണ്?

(A) അമേരിക്ക
(B) ഇന്ത്യ
(C) ചൈന
(D) റഷ്യ

45. 50 kg മാസുള്ള ഒരു കല്ലും 4.5 kg മാസുള്ള ഒരു കല്ലും 25 m പൊക്കമുള്ള ഒരു കെട്ടിടത്തിന്റെ മുകളിൽ നിന്നും ഒരുമിച്ച് താഴേയ്ക്ക് ഇടുന്നു. ഏതു കല്ലായിരിക്കും ആദ്യം താഴെ എത്തുക. (വായുവിന്റെ പ്രതിരോധം അവഗണിക്കുക) :

(A) 50 kg
(B) 4.5 kg
(C) രണ്ടും ഒരുമിച്ച്
(D) കൃത്യമായി പ്രവചിക്കാൻ സാധ്യമല്ല

46. ഇന്ത്യയുടെ റോക്കറ്റ് വുമൺ (Rocket Woman) എന്ന് അറിയപ്പെടുന്നത് ആരാണ്?

(A) കല്പന ചൌള
(B) റിതു കരിദാൾ
(C) റീമാ ഘോഷ്
(D) നിധി പോർവാൾ

47. ആനോഡൈസിങ്ങ് (Anodising) എന്ന പ്രക്രിയ ഏത് ലോഹ സംരക്ഷണത്തിനാണ് പ്രാധാനമായും ഉപയോഗിക്കുന്നത്?

(A) ഇരുമ്പ് (Iron)
(B) സിങ്ക് (Zinc)
(C) അലുമിനിയം (Aluminium)
(D) ചെമ്പ് (Copper)

48. താഴെ പറയുന്നവയിൽ ഏത് pH മൂല്യത്തിലാണ് കാൽസ്യം ഹൈഡ്രോക്സി ആപറ്റൈറ്റ് (Calcium hydroxy apatite) നാശത്തിന് വിധേയമാകുന്നത്?

(A) $pH < 5.5$
(B) $pH > 9.2$
(C) $pH = 7$
(D) $pH = 7 - 9.2$

49. ആവർത്തനപട്ടികയിൽ ഇടത്തുനിന്നും വലതുവശത്തേക്ക് പോകുമ്പോൾ മൂലകങ്ങളുടെ രാസഭൌതിക ഗുണങ്ങളുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന ഏത്?

(A) മൂലകങ്ങളുടെ അലോഹ സ്വഭാവം കൂടുന്നു
(B) വാലൻസ് ഇലക്ട്രോണുകളുടെ എണ്ണം കൂടുന്നു
(C) ഇലക്ട്രോണുകൾ വിട്ടുകൊടുക്കാനുള്ള കഴിവ് കൂടുന്നു
(D) മൂലകങ്ങളുടെ ഓക്സൈഡുകളുടെ അമ്ലസ്വഭാവം കൂടുന്നു

50. ഓക്സിജൻ മൂലകത്തിന്റെ രൂപാന്തരങ്ങൾ ഏവ?

(A) $O_2$ & $O_3$
(B) $O_3$ & $O_4$
(C) $O_2$ & $O_4$
(D) $O_2$, $O_3$ & $O_4$

51. താഴെ പറയുന്നവയിൽ ദ്രാവകാവസ്ഥയിൽ ഉള്ള അലോഹം ഏത്?

(A) അയോഡിൻ (Iodine)
(B) മെർക്കുറി
(C) ബ്രോമിൻ (Bromine)
(D) ആർഗൺ (Argon)

52. 'ശങ്കരൻകുട്ടി' മുഖ്യ കഥാപാത്രമായി വരുന്ന ചലച്ചിത്രം ഏത്?

(A) കൊടിയേറ്റം
(B) കാഞ്ചനസീത
(C) തമ്പ്
(D) സ്വയംവരം

53. 'ഭാരതപര്യടനം' ഏത് വിഭാഗത്തിൽപ്പെടുന്ന കൃതിയാണ്?
(A) ആത്മകഥ
(B) യാത്രാവിവരണം
(C) ചരിത്രം
(D) സാഹിത്യവിമർശനം

54. പ്രസിദ്ധമായ മരാമൺ കൺവെൻഷൻ നടക്കുന്നത് ഏത് നദിയുടെ തീരത്താണ്?
(A) പമ്പ
(B) അച്ചൻകോവിൽ
(C) വാമനപുരം
(D) പെരിയാർ

55. 'ഗ്രാൻഡ്സ്ലാം' എന്ന പദം ഏത് കായിക ഇനവുമായി ബന്ധപ്പെട്ടതാണ്?
(A) ബാഡ്മിന്റൺ
(B) ഗോൾഫ്
(C) ടെന്നീസ്
(D) ചെസ്സ്

56. 2023 ലെ സരസ്വതി സമ്മാൻ ലഭിച്ചതാർക്ക്?
(A) ശ്രീകുമാരൻ തമ്പി
(B) പ്രഭാവർമ്മ
(C) ഇ.വി. രാമകൃഷ്ണൻ
(D) കെ. ശിവറെഡ്ഡി

57. 2024 ഖേലോ ഇന്ത്യ വിന്റർ ഗെയിംസിന്റെ ഭാഗ്യചിഹ്നം ഏത്?
(A) ധ്രുവക്കരടി
(B) ഹിമപ്പുലി
(C) ഹിമാലയൻ ബുൾബുൾ
(D) ഹിമാലയൻ താർ

58. 'സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം'
- ആരുടെ വരികൾ?
(A) വള്ളത്തോൾ
(B) ഉള്ളൂർ
(C) കുമാരനാശാൻ
(D) വൈലോപ്പിള്ളി

59. ആപ്പിൾ കമ്പനിയുടെ കമ്പ്യൂട്ടർ ഓപറേറ്റിംഗ് സിസ്റ്റത്തിന്റെ പേര് :
(A) UNIX
(B) BSD
(C) MacOSX
(D) UBUNTU

60. താഴെ പറയുന്നതിൽ സെർച്ച് എൻജിൻ അല്ലാത്തത് ഏത്?
(A) Yahoo
(B) Bing
(C) Ask
(D) Safari

61. PROM – ന്റെ പൂർണ്ണരൂപം ഏത്?

(A) Program Read-Only Memory
(B) Primary Read-Only Memory
(C) Programmable Read-Only Memory
(D) Program Read-Output Memory

62. Information Technology Act അവസാനമായി ഭേദഗതി ചെയ്ത വർഷം ഏത്?

(A) 1998
(B) 2000
(C) 2004
(D) 2008

63. താഴെ പറയുന്നതിൽ Optical Fibre Cable-നെ കുറിച്ച് ശരിയല്ലാത്തത് ഏത്?

(A) കൂടിയ ബാന്റ് വിഡ്ത്ത്
(B) കൂടിയ ചിലവ്
(C) കൂടിയ Electromagnetic Interference
(D) None of these

64. താഴെ പറയുന്നവയിൽ ഏതാണ് വിവരാവകാശ നിയമം 2005 പ്രകാരം ഒഴിവാക്കിയിട്ടില്ലാത്തത്?

(A) വിദേശ സർക്കാരിൽ നിന്നും രഹസ്യമായി ലഭിച്ച വിവരങ്ങൾ
(B) ഫയലുകൾ, രജിസ്റ്ററുകൾ ഉൾപ്പെടെയുള്ള എല്ലാ രേഖകളുടെയും പരിശോധനയ്ക്കുള്ള അവകാശം
(C) വാണിജ്യ രഹസ്യവും വ്യാപാര രഹസ്യവും ബൌദ്ധിക സ്വത്തുക്കളും ഉൾപ്പെടെയുള്ള വിവരത്തിന്റെ വെളിപ്പെടുത്തൽ
(D) മേൽപ്പറഞ്ഞവയെല്ലാം

65. പോക്സോ നിയമം 2012-ൽ എത്ര വകുപ്പുകൾ ആണ് ഉള്ളത്?

(A) 45
(B) 46
(C) 47
(D) 48

66. ഗാർഹിക പീഡന നിരോധന നിയമം 2005 വകുപ്പ് 2(b) പ്രകാരം 'കുട്ടി'യുടെ നിർവ്വചനത്തിൽ വരുന്ന വിഭാഗങ്ങൾ ഏതൊക്കെയാണ്?

(A) 14 വയസ്സിൽ താഴെയുള്ള ഏതൊരു വ്യക്തി
(B) 16 വയസ്സിൽ താഴെയുള്ള ഏതൊരു വ്യക്തി
(C) 18 വയസ്സിൽ താഴെയുള്ള ഏതൊരു വ്യക്തി
(D) മേൽപ്പറഞ്ഞവയൊന്നുമല്ല

67. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കെതിരായ അക്രമ നിരോധന നിയമം പാർലമെന്റ് പാസ്സാക്കിയത് ഏത് വർഷമാണ്?

(A) 1986 (B) 1987
(C) 1988 (D) 1989

68. ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം താഴെ പറയുന്നവയിൽ ഏതാണ് ഉപഭോക്താവിന്റെ അവകാശം അല്ലാത്തത്?

(A) കേൾക്കുവാനുള്ള അവകാശം
(B) ഉപഭോക്തൃ അവബോധത്തിനുള്ള അവകാശം
(C) ചൂഷണം ചെയ്യപ്പെടാനുള്ള അവകാശം
(D) തിരഞ്ഞെടുക്കുവാനുള്ള അവകാശം

69. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിലവിലെ ചെയർമാൻ?

(A) ജസ്റ്റിസ് എച്ച്.എൽ. ദത്തു (B) ജസ്റ്റിസ് അരുൺ കുമാർ മിശ്ര
(C) ജസ്റ്റിസ് എൽ. നാരായണസ്വാമി (D) ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ

70. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷന്റെ നിലവിലെ ചെയർമാൻ :

(A) ശ്രീ. അജയകുമാർ (B) ഡോ. വേണു
(C) ശ്രീ. ബി.എസ്. മാവോജി (D) ഡോ. പി.എൽ. പുനിയ

71. 5, 10 എന്നീ സംഖ്യകൾ കൊണ്ട് ഒരേ സമയം ഹരിക്കുമ്പോൾ ശിഷ്ടം 3 കിട്ടുന്ന സംഖ്യകളുടെ സമാന്തരശ്രേണിയുടെ പൊതുവ്യത്യാസമായി വരുന്ന സംഖ്യ :

(A) 5 (B) 10
(C) 15 (D) 3

72. 5 മുതൽ 25 വരെയുള്ള ഒറ്റ എണ്ണൽ സംഖ്യകളുടെ തുക എത്ര?

(A) 165 (B) 156
(C) 134 (D) 143

73. പൊതുവ്യത്യാസം 6 ആയ സമാന്തരശ്രേണിയുടെ 7-ാം പദം 52 ആയാൽ 16-ാം പദം :

(A) 111 (B) 106
(C) 211 (D) 112

74. 12 ഭുജങ്ങൾ ഉള്ള ഒരു ബഹുഭുജത്തിന്റെ ഒരു അകകോണിന്റെ അളവ് എത്ര?

(A) 120 (B) 150
(C) 130 (D) 180

75. ഒരു കോൺ $45^\circ$ ആയ ഒരു മട്ടത്രികോണത്തിന്റെ ലംബവശത്തിന്റെ നീളം 8 cm ആയാൽ അതിന്റെ കർണ്ണത്തിന്റെ നീളം എത്ര?

(A) 8 (B) 16

(C) $8\sqrt{2}$ (D) $2\sqrt{8}$

76. ഒരു വൃത്തത്തിന്റെ വ്യാസത്തിന്റെ ഒരറ്റം (1, 4). വൃത്തകേന്ദ്രം (3, $-4$) എങ്കിൽ വ്യാസത്തിന്റെ മറ്റേ അറ്റത്തിന്റെ സൂചക സംഖ്യകൾ ഏവ?

(A) (4, 1) (B) (3, 4)

(C) (5, $-12$) (D) (12, $-5$)

77. ഒരു അധിവർഷത്തിൽ 53 ഞായറാഴ്ചകൾ ഉണ്ടാകാനുള്ള സാധ്യത എത്ര?

(A) 2/7 (B) 1/7

(C) 3/7 (D) 1

78. ഒരു സംഖ്യയുടേയും അതിന്റെ വ്യുൽക്രമത്തിന്റേയും തുക 6 ആയാൽ സംഖ്യ ഏത്?

(A) $3+2\sqrt{2}$ (B) $2+\sqrt{3}$

(C) $5+\sqrt{2}$ (D) $\sqrt{5}-2$

79. ചിത്രത്തിൽ C വൃത്തകേന്ദ്രം. $\angle ABD = 30^\circ$ ആയാൽ $\angle ACD$ എത്ര?




(A) $30^\circ$ (B) $60^\circ$

(C) $45^\circ$ (D) $90^\circ$

80. ഒരു ക്ലോക്കിലെ ഒന്നിടവിട്ട 2 സംഖ്യകളെ കേന്ദ്രവുമായി യോജിപ്പിച്ചാൽ കിട്ടുന്ന കേന്ദ്ര കോൺ എത്ര?

(A) $30^\circ$ (B) $45^\circ$

(C) $60^\circ$ (D) $120^\circ$

**81.** Rewrite the following sentence using so ….. that :

The germ is too small to be seen with a naked eye.

(A) The germ is so small that it can be seen with a naked eye.

(B) The germ is so small that it cannot be seen with a naked eye.

(C) The germ is so small that it could not be seen with a naked eye.

(D) The germ is so small to be seen with a naked eye.

**82.** Find the word equivalent to "a feeling of shyness or embarrassment that stops you from doing or saying what you really want" :

(A) Inhibition

(B) Miserable

(C) Pessimism

(D) Aggressiveness

**83.** Fill in the blank in the given below sentence :

Neither of them ________ me.

(A) love

(B) are loving

(C) has love

(D) loves

**84.** Change into indirect speech :

"Alas! My uncle met with an accident", he said.

(A) My uncle Alas had met with an accident

(B) He cried out that his uncle had met with an accident

(C) He told his uncle that he had met with an accident

(D) He cried that his uncle Alas met with an accident

**85.** Change the following sentence into superlative degree :

Light travels faster than anything else.

(A) Anything else travels faster than light in the world.

(B) Anything else travels fastest than light in the world.

(C) Of all things in the world, light travels the fastest.

(D) Nothing is faster than light.

**86.** Choose the correct preposition to fill in the blank given below :

The burglar jumped _________ the compound wall.

(A) at (B) in

(C) by (D) over

**87.** Find out the meaning of the idiom "tie yourself up in knots" :

(A) believes something good about someone

(B) make no progress in an argument

(C) become very confused when you are trying to explain something

(D) trying to modify an opinion

**88.** Complete the following sentence using suitable articles :

On ________ way we saw _________ one eyed beggar.

(A) a, an (B) the, a

(C) the, an (D) a, a

**89.** What is the expansion and meaning of the abbreviation given below?

AM

(A) After Midday, After Noon

(B) Ante-Meridiem, Before Midday

(C) Ante-Meridiem, After Noon

(D) After Midday, Morning

**90.** Find out the Synonym for the word Feud :

(A) Friendship (B) Father-in-law

(C) Quarrel (D) Ignorant

91. 'മാവ്' എന്ന പദത്തിന്റെ പര്യായ ശബ്ദമല്ലാത്തതേത്?
(A) ചൂതം
(B) വരകം
(C) ആമ്രം
(D) രസാലം

92. ശരിയായ പദം കണ്ടെത്തുക :
(A) കവിയത്രി
(B) കവിയിത്രി
(C) കവായിത്രി
(D) കവയിത്രി

93. 'വിദ്വാൻ' എന്ന പദത്തിന്റെ സ്ത്രീലിംഗരൂപം എഴുതുക :
(A) വിധുതി
(B) വിടുതി
(C) വിദുഷി
(D) വാർദ്ധി

94. 'അശ്വത്ഥം' എന്ന പദത്തിന് സമാനാർത്ഥമായി വരുന്ന പദമേത്?
(A) അരയാൽ
(B) കാറ്റ്
(C) മുറ്റം
(D) മാളിക

95. ഒറ്റപ്പദമെഴുതുക - അറിയാനുള്ള ആഗ്രഹം :
(A) പിപാസ
(B) ബുഭുക്ഷ
(C) വിവക്ഷ
(D) ജിജ്ഞാസ

96. വിപരീതശബ്ദം എഴുതുക - സ്വകീയം :
(A) പരജനം
(B) പരകീയം
(C) പരീതം
(D) പരഞ്ജം

97. പിരിച്ചെഴുതുക - പടക്കളം :
(A) പടം + കളം
(B) പട + ക്കളം
(C) പട + കളം
(D) പടു + കളം

98. 'ഓലപ്പാമ്പ് കാട്ടുക' എന്ന ശൈലിയുടെ അർത്ഥമേത്?
(A) സന്തോഷം അറിയിക്കുക
(B) സഹായിക്കുക
(C) സ്നേഹം നടിക്കുക
(D) ഭീഷണിപ്പെടുത്തുക

99. ശരിയായ വാക്യം കണ്ടെത്തിയെഴുതുക :
(A) മറ്റു ഗത്യന്തരമില്ലാതെയായപ്പോൾ ലീലയ്ക്ക് വീട് വിൽക്കേണ്ടി വന്നു
(B) ഗത്യന്തരമില്ലാതെയായപ്പോൾ ലീലയ്ക്ക് വീട് വിൽക്കേണ്ടി വന്നു
(C) ലീലയ്ക്ക് മറ്റു ഗത്യന്തരമില്ലാതെയായപ്പോൾ വീട് വിൽക്കേണ്ടി വന്നു
(D) ലീലയ്ക്ക് വീട് വിൽക്കേണ്ടിവന്നത് മറ്റ് ഗത്യന്തരമില്ലാത്തതുകൊണ്ടാണ്

100. ചേർത്തെഴുതുക - നല് + നൂൽ :
(A) നന്നൂൽ
(B) നൽനൂൽ
(C) നൽന്നൂൽ
(D) നല്ലൂൽ

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**

**FINAL ANSWER KEY**

**Question Paper Code: 052/2024**

**MALE WARDEN, JUNIOR LABORATORY ASSISTANT, CARE TAKER, CLERK F**

**Medium of Question: ENGLISH/MALAYALAM**

**Date of Test: 04.05.2024**

| Q No. | QUESTION BOOKLET | | | | Q No. | QUESTION BOOKLET | | | |
|---|---|---|---|---|---|---|---|---|---|
| | A | B | C | D | | A | B | C | D |
| 1 | C | C | D | C | 51 | C | A | C | D |
| 2 | B | D | C | B | 52 | A | A | C | B |
| 3 | C | C | B | C | 53 | D | C | B | B |
| 4 | D | B | C | B | 54 | A | B | B | C |
| 5 | C | C | B | C | 55 | C | B | C | A |
| 6 | B | B | C | D | 56 | B | C | A | D |
| 7 | A | C | C | A | 57 | B | A | D | A |
| 8 | B | C | A | C | 58 | C | D | A | C |
| 9 | C | A | C | A | 59 | C | C | D | C |
| 10 | C | C | A | B | 60 | D | D | C | C |
| 11 | A | A | B | C | 61 | C | C | C | D |
| 12 | C | B | C | C | 62 | D | C | D | C |
| 13 | B | D | B | A | 63 | C | D | C | D |
| 14 | B | B | A | C | 64 | B | C | D | C |
| 15 | D | A | C | B | 65 | B | D | C | B |
| 16 | B | C | B | B | 66 | C | C | B | C |
| 17 | A | B | B | B | 67 | D | B | C | B |
| 18 | C | B | B | D | 68 | C | C | B | B |
| 19 | B | B | D | B | 69 | B | B | B | C |
| 20 | C | C | D | D | 70 | C | B | C | D |
| 21 | B | D | B | B | 71 | B | B | C | A |
| 22 | C | D | D | C | 72 | A | X | C | A |
| 23 | D | B | B | A | 73 | B | C | A | B |
| 24 | D | D | C | D | 74 | X | C | A | C |
| 25 | B | B | A | B | 75 | C | A | B | B |
| 26 | D | C | D | C | 76 | C | A | C | A |
| 27 | B | A | B | A | 77 | A | B | B | B |
| 28 | C | D | C | C | 78 | A | C | A | X |
| 29 | A | B | A | B | 79 | B | B | B | C |
| 30 | D | C | C | C | 80 | C | A | X | C |
| 31 | B | A | B | D | 81 | B | D | C | C |
| 32 | C | C | C | D | 82 | A | B | D | B |
| 33 | A | B | D | B | 83 | D | C | C | B |
| 34 | B | C | A | A | 84 | B | D | B | C |
| 35 | C | D | B | D | 85 | C | C | B | B |
| 36 | C | A | A | B | 86 | D | B | C | A |
| 37 | D | B | D | C | 87 | C | B | B | D |
| 38 | A | A | B | C | 88 | B | C | A | B |
| 39 | B | D | C | D | 89 | B | B | D | C |
| 40 | A | B | C | A | 90 | C | A | B | D |
| 41 | D | C | D | B | 91 | B | C | D | C |
| 42 | B | C | A | C | 92 | D | A | B | D |
| 43 | C | A | C | B | 93 | C | D | C | B |
| 44 | A | C | B | B | 94 | A | B | D | A |
| 45 | C | B | B | C | 95 | D | C | B | B |
| 46 | B | B | C | A | 96 | B | D | A | D |
| 47 | C | C | D | C | 97 | C | B | B | C |
| 48 | A | D | C | C | 98 | D | A | D | A |
| 49 | C | C | C | A | 99 | B | B | C | D |
| 50 | D | C | A | C | 100 | A | D | A | B |

**X' DENOTES DELETION**